# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5604 | 06/07/2012-ൽ മറുപടിക്ക്

## ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖല

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.ദിവാകരൻ<br>,, കെ.അജിത്<br>ശ്രീമതി ഗീതാ ഗോപി.<br>ശ്രീ. ചിറ്റയം ഗോപകുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ; | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൈത്തൊഴിലും കരവിരുതും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ അവർ തന്നെ നേരിട്ട് വിപണനം ചെയ്യുന്നതിനുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രതിവർഷം രണ്ട് പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ച് വരുന്നു. 2011-12 വർഷം നടത്തിയ രണ്ട് മേളകളിൽ ഒന്ന് 2011 ഡിസംബർ മാസം പയ്യന്നൂരിലും മറ്റൊന്ന് 2012 ജനുവരിയിൽ തൃശ്ശൂരിലെ മാളയിൽ വച്ചും സംഘടിപ്പിച്ചിരുന്നു. ഇതിനു പുറമെ വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ച് 2012 ഏപ്രിൽ, മെയ് മാസങ്ങളിലായി നടത്തിയ ദേശീയ പട്ടികവർഗ്ഗ ഫെസ്റ്റിവലിൽ ഇത്തരം ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണനത്തിന് അവസരമൊരുക്കിയിരുന്നു. എല്ലാ വർഷവും ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര വ്യാപാര മേളയിൽ (IITF) പട്ടികവർഗ്ഗ വികസന മേഖലയിലെ കാർഷിക-കരകൗശല ഉൽപന്നങ്ങളുമായി വകുപ്പ് പങ്കെടുത്തു വരുന്നുണ്ട്. ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ഒരു സ്ഥിരം പ്രദർശന വിപണന കേന്ദ്രം ആരംഭിക്കുന്നതിനായി എറണാകുളത്ത് ഒരു ട്രൈബൽ കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| ബി | ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (എ, ബി എന്നിവയ്ക്ക് ഒരുമിച്ചുള്ള മറുപടി) |

സെക്ഷൻ ഓഫീസർ